# ടെലികോം ടെക്നീഷ്യൻ പരീക്ഷ എല്ലാവർക്കും അവസരം നൽകണം

**2017** ജൂലൈ ഒമ്പതിന് നടത്താൻ നിശ്ചയിച്ച ടെലികോം ടെക്നീഷ്യൻ (പഴയ ടി.എം) മത്സരപരീക്ഷയിൽ പത്താംതരം യോഗ്യതയില്ലാത്തവരെ പൂർണ്ണമായും ഒഴിവാക്കിയതിനെതിരെ അഖിലേന്ത്യാ യൂണിയൻ അതിശക്തമായി രംഗത്ത് വന്നുകഴിഞ്ഞു. നിലവിൽ ഗ്രൂപ്പ്–ഡി, ആർ.എം. തസ്തികകളിൽ ജോലിചെയ്യുന്നവർ ബഹുഭൂരിപക്ഷവും 2000 ന് മുമ്പ് കാഷ്വൽ മസ്ദൂർമാരായും, ടെമ്പററി സ്റ്റാറ്റസ് മസ്ദൂർമാരായി ജോലിചെയ്തവരാണ്. 1–10–2000 നാണ് ഇവരെല്ലാം സ്ഥിരം ജീവനക്കാരായത്. പഴയകാല യോഗ്യത കേവലം എട്ടാംതരം മാത്രമായിരുന്നു. അതുകൊണ്ടുതന്നെ ബഹുഭൂരിപക്ഷം, ഗ്രൂപ്പ്–ഡി, ആർ.എം. ജീവനക്കാർ പത്താംതരം യോഗ്യതയില്ലാത്തവരാണ്. എന്നാൽ വർഷങ്ങളുടെ പ്രവർത്തനപരിചയം സാങ്കേതികവൈദഗ്ധ്യമുള്ള ജോലികൾ ചെയ്യാൻ ഇവരെ പ്രാപ്തരാക്കിയിട്ടുണ്ടുതാനും. ഇതൊന്നും കണക്കിലെടുക്കാതെ 10–ാം തരം യോഗ്യത വേണമെന്ന പിടിവാശിയിലാണ് മാനേജ്മെന്റ്. 2017 ജൂലൈ ഒമ്പതിന് നടക്കുന്ന പ്രൊമോഷൻ പരീക്ഷക്ക് കേരളത്തിൽ മാത്രം 1860 ഒഴിവുകളുണ്ട്. എന്നാൽ പത്താംതരം യോഗ്യതയുള്ളവർ കേവലം 100 ൽ താഴെ മാത്രം. പരിമിതമായി മാത്രം ആശ്രിത നിയമനം നേടുന്നവരിൽ ഒരു ചെറിയ വിഭാഗം മാത്രമാണ് പത്താംക്ലാസ് യോഗ്യതയുള്ളവർ. അതുകൊണ്ടാണ് പത്താംതരം യോഗ്യത വേണമെന്ന നിബന്ധന എടുത്തുകളഞ്ഞ് മുഴുവൻപേരെയും പരീക്ഷയെഴുതാൻ അനുവദിക്കണമെന്ന് യൂണിയൻ ആവശ്യപ്പെട്ടത്. സ്റ്റാഗ്നേഷൻമൂലം വർഷങ്ങളായി ഇൻക്രിമെന്റ് ലഭിക്കാത്തവർക്ക് പ്രൊമോഷൻ ലഭിക്കുന്നത് ഗുണകരമാവുകയും ചെയ്യും. എന്നാൽ ഇതൊന്നും കേൾക്കാനോ പരിഹരിക്കാനോ മാനേജ്മെന്റ് സന്നദ്ധമാകുന്നില്ല.

2012 ഫെബ്രുവരി 27 ന് നടന്ന നാഷണൽ കൗൺസിൽ യോഗത്തിൽ ഈ വിഷയം ഉന്നയിച്ചിരുന്നു. നിലവിലുള്ള ഗ്രൂപ്പ്–ഡി, ആർ.എം. ജീവനക്കാർക്ക് ഒരവസരം മാത്രം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് റിക്രൂട്ട്മെന്റ് നിയമത്തിൽ ഭേദഗതി വേണമെന്നും യൂണിയൻ കൗൺസിലിൽ ആവശ്യപ്പെട്ടു. അന്ന് മാനേജ്മെന്റ് നൽകിയ മറുപടി ഇപ്രകാരമാണ്.

യൂണിയൻ ആവശ്യപ്പെട്ട കാര്യം പരിശോധിക്കുന്നതാണ്. എട്ടാംതരം യോഗ്യതയുള്ളവർക്ക് ഒരു സ്ക്രീനിങ് ടെസ്റ്റ് നടത്തി, അതിൽ വിജയികളാകുന്നവരെ ടെലികോം മെക്കാനിക്ക് പരീക്ഷയെഴുതാൻ ഒരു പ്രത്യേക പ്രശ്നമെന്ന നിലയിൽ അനുവദിക്കുന്ന കാര്യം പരിശോധിക്കാമെന്ന് ഉറപ്പു നൽകിയെങ്കിലും, മാനേജ്മെന്റ് പിന്നോട്ടുപോവുകയാണ് ചെയ്തത്. നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിനായി പത്താംക്ലാസ യോഗ്യതയില്ലാത്തവരെ ഒരു തവണമാത്രം പരീക്ഷയെഴുതാൻ അനുവദിക്കണമെന്ന് അഖിലേന്ത്യാ യൂണിയൻ വീണ്ടും ആവശ്യപ്പെട്ടിരിക്കുകയാണ്. (BSNL/529(TT) dt.21-4-2017). മാത്രമല്ല പരീക്ഷക്ക് അപേക്ഷ സമർപ്പിക്കാൻ പരീക്ഷാഫീസ് നൽകണമെന്ന നിബന്ധന പിൻവലിക്കണമെന്നും യൂണിയൻ ആവശ്യപ്പെട്ടിട്ടുണ്ട്.